"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – സഹകരണ വകുപ്പിന് കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഇലക്ട്രിക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.109/2026/Co-Op    തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.453/2025/സഹ തീയതി 25/10/2025

2. സർക്കുലർ നം. 35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

സഹകരണ വകുപ്പിന് കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഡ്രൈ ലീസ് വ്യവസ്ഥയിൽ വാടകയ്ക്ക് എടുത്തിട്ടുള്ള ടാറ്റാ നെക്സോൺ വാഹനത്തിന്റെ അടുത്ത വർഷത്തേയ്ക്കുള്ള വാടക തുകയായ 5,79,600/- രൂപ (അഞ്ച് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി അറുന്നൂറ് രൂപ മാത്രം ) , 2425-001-91-97 (വാഹനങ്ങളുടെ വാടക) എന്ന ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ അനെർട്ടിന് ലഭ്യമാക്കുന്നതിനായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. പ്രസ്തുത തുക അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സഹകരണ വകുപ്പിന് കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഡ്രൈ ലീസ് വ്യവസ്ഥയിൽ വാടകയ്ക്ക് എടുത്തിട്ടുള്ള ടാറ്റാ നെക്സോൺ വാഹനത്തിന്റെ അടുത്ത വർഷത്തേയ്ക്കുള്ള വാടകതുകയായ 5,79,600/- രൂപ (അഞ്ച് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി അറുന്നൂറ് രൂപ മാത്രം ), 2425-001-91-97 (വാഹനങ്ങളുടെ വാടക) എന്ന ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ അനെർട്ടിന് ലഭ്യമാക്കുന്നതിനായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് പ്രസ്തുത തുക , ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി2/184/25/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/210/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 02-03-2026 12:28:03

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.